68 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ 3993 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 98 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ ആകെ 4421 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 95 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) 2008-09 സാമ്പത്തിക വർഷത്തിൽ 296 കേസുകളിലും 2009-10 സാമ്പത്തിക വർഷത്തിൽ 243 കേസുകളിലും പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽ വർഷങ്ങളിൽ ഫയൽ ചെയ്ത കേസുകളിൽ വിചാരണ നടപടികൾ നടന്നുവരുന്നു.

പുതുതായി കണ്ടുപിടിക്കുന്ന മരുന്നുകളുടെ ഫലപരിശോധന പരിശോധിക്കുന്നതിനുള്ള സംവിധാനം

66 (656) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കണ്ടുപിടിക്കുന്ന മരുന്നുകളുടെ ഫലം പരിശോധിക്കുന്നത് നിരീക്ഷിക്കാനും അനുവാദം നൽകാനും സംസ്ഥാന സർക്കാരിന് കീഴിൽ നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ബി) അതിന്റെ പ്രവർത്തനരീതി വിശദീകരിക്കുമോ ;

(സി) ക്ലിനിക്കൽ ട്രയൽ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്യാതെ സംസ്ഥാനത്ത് മനുഷ്യരിൽ മരുന്നു പരീക്ഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അനധികൃത മരുന്നുപരിശോധനാ സംഭവങ്ങൾകണ്ടെത്താൻ ആരോഗ്യവകുപ്പിനു കീഴിൽ എന്തു സംവിധാനമാണുള്ളത്. ഈ സംവിധാനമുപയോഗിച്ച് അത്തരം പരീക്ഷണങ്ങളേതെങ്കിലും കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) ക്ലിനിക്കൽ ട്രയൽ രജിസ്ട്രിയിൽ 2009-10-ൽ എത്ര പരീക്ഷണങ്ങൾ രജിസ്റ്റർ ചെയ്തു. അവയിൽ എത്രയെണ്ണത്തിന് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം പരീക്ഷണത്തിൽ മരണം സംഭവച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതുതായി കണ്ടുപിടിക്കുന്ന മരുന്നുകളുടെ ഫലം പരിശോധിക്കുന്നതും അനുവാദം നൽകുന്നതും ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇൻഡ്യ, ന്യൂഡൽഹിയാണ്.

(ബി) 1940-ലെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇൻഡ്യക്ക് നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വേണ്ട നടപടി കൈക്കൊള്ളുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അനധികൃത മരുന്നു പരിശോധനാ സംഭവങ്ങൾ കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പിന് അധികാരമുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) ഇതു സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

ആലപ്പുഴയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി

67 (657) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ആലപ്പുഴയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞിട്ടും രോഗികൾക്കുവേണ്ടി തുറന്നു കൊടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കെട്ടിടം രോഗികൾക്കുവേണ്ടി ഉടനെ തുറന്നു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ;

ഉത്തരം

(എ) സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ആലപ്പുഴയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം 18-9-2010 മുതൽ രോഗികൾക്കുവേണ്ടി തുറന്നു കൊടുത്തിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

ദുർബല വിഭാഗ സുരക്ഷിതത്വ പദ്ധതി

68 (658) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുകളിൽ അലഞ്ഞുതിരിയുന്ന അനാഥരും വൃദ്ധരും സമനില നഷ്ടപ്പെട്ടവരുമായ ആൾക്കാരെ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ദുർബല വിഭാഗ സുരക്ഷിതത്വ പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly